**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/03/2026

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: 10 - 04 - 2026**

| | | |
|---|---|---|
| പരാതിക്കാരി | : | ശ്രീമതി.ലീലാമ്മ മാത്തുണ്ണി,<br>കല്ലുവിള പുത്തൻ ബംഗ്ലാവ്,<br>പവിത്രേശ്വരം പി.ഒ,<br>കൊട്ടാരക്കര, കൊല്ലം (ജില്ല)-691507 |
| എതിർകക്ഷി | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>ഇലക്ട്രിക്കൽ സബ് ഡിവിഷൻ<br>കൊട്ടാരക്കര, കൊല്ലം ജില്ല. |

## പരാതിയുടെ പശ്ചാത്തലം

പരാതിക്കാരിയായ ശ്രീമതി. ലീലാമ്മ മാത്തുണ്ണിയുടെ ഭർത്താവ് മാത്തുണ്ണിയുടെ പേരിൽ ഒരു ഗാർഹിക കണക്ഷൻ ലൈസൻസിയായ KSEBL ന്റെ പുത്തൂർ സെക്ഷന്റെ കീഴിൽ നിലവിലുണ്ട്. പരാതിക്കാരിയുടെ വീടിനു മുൻപിലുള്ള പൊതുനിരത്തിൽക്കൂടി ഒരു LT, OH line വലിച്ചിരിക്കുന്നു. പുരയിടത്തിൽ നില്ക്കുന്ന ഒരു പ്ലാവ് വളർന്നു വൈദ്യുത ലൈനിലേയ്ക്ക് ചാഞ്ഞു നില്ക്കുന്നതായി ലൈസൻസിയുടെ ഉദ്യോഗസ്ഥർ കണ്ടെത്തുകയും അതിനാൽ ആ മരം മുറിച്ചു മാറ്റണമെന്ന് കാണിച്ച് പരാതിക്കാരിയ്ക്ക് നോട്ടീസ് നൽകുകയും ചെയ്തു. സെക്ഷൻ ഓഫീസുമായി ബന്ധപ്പെടുകയും അത് മുറിച്ചു മാറ്റുന്നതിനുള്ള തീയതി നിശ്ചയിക്കുകയും അന്നേ ദിവസം ലൈൻ ഓഫാക്കിക്കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്ന് AE ഉറപ്പ് നൽകുകയും ചെയ്തു. അതിനുവേണ്ടി 5 പണിക്കാർ വാഹനമുൾപ്പെടെ നിശ്ചിത ദിവസം രാവിലെ എത്തിയെങ്കിലും ലൈൻ ഓഫാക്കുന്നതിനുവേണ്ടി KSEBL ൽ നിന്നും ആരും എത്തിയില്ല. EE, AEE, AE എന്നിവരെ ബന്ധപ്പെട്ടെങ്കിലും മീറ്റിംഗ് നടക്കുന്നതിനാൽ അത് കഴിഞ്ഞ് അയയ്ക്കാമെന്ന് അറിയിച്ചെങ്കിലും

ആരും ആ ഭാഗത്തേയ്ക്ക് തിരിഞ്ഞു നോക്കിയില്ല. മരം മുറിക്കാതെ തന്നെ പണിക്കൂലിയായി 8,500/- രൂപ കൊടുക്കേണ്ടി വന്നു. CGRF ൽ പരാതി നല്കിയ ശേഷം മാത്രമാണ് ലൈസൻസിയുടെ ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തിയത്. KSEBL തന്നെ സ്വന്തം ചെലവിൽ മരം മുറിച്ചു മാറ്റുകയുണ്ടായി. പണിക്കാർക്ക് നല്കിയ 8,500/- രൂപയും പരാതി നല്കിയതുമായ ബന്ധപ്പെട്ട ചെലവ് ഉൾപ്പെടെ നഷ്ടപരിഹാരം ആവശ്യപ്പെട്ട് CGRF ൽ പരാതി നൽകുകയുണ്ടായി. OP/41/2025-26 ആയി ഫയലിൽ സ്വീകരിച്ച പരാതിയ്ക്ക് നടപടികൾ പൂർത്തിയാക്കി CGRF 31/12/2025 ൽ ഉത്തരവിറക്കുകയുണ്ടായി. ആ ഉത്തരവിന്റെ അപ്പീലായിട്ടാണ് ഓംബുഡ്സ്മാൻ സമക്ഷം ഈ പരാതി സമർപ്പിച്ചിട്ടുള്ളത്.

## പരാതിക്കാരിയുടെ വാദം

ഞാൻ വിധവയായ ഒരു വീട്ടമ്മയാണ്. ഞാൻ ഒറ്റക്കാണ് ഇപ്പോൾ ഈ വീട്ടിൽ താമസിക്കുന്നത്. മേൽ സൂചന പ്രകാരം എനിക്ക് പുത്തൂർ ഇലക്ട്രിസിറ്റി ഓഫിസിൽ നിന്നും, എന്റെ പുരയിടത്തിൽ നിൽക്കുന്ന ഒരു പ്ലാവ് അപകടരമായ രീതിയിൽ വൈദ്യത ലൈന് മുകളിലായി നിൽക്കുകയാണെന്നും ആയതു ഈ നോട്ടീസ് കിട്ടി നിശ്ചിത തീയതിയ്ക്കുള്ളിൽ നീക്കം ചെയ്യണമെന്നും കാണിച്ചു ലഭിച്ചിരുന്നു. നോട്ടീസ് വീട്ടിൽ എന്റെ വീടിന്റെ മീറ്റർ ബോഡിൽ വച്ചിട്ട് പോയ നിലയിലാണ് കണ്ടത്. നോട്ടീസ് കണ്ടപ്പോൾ തന്നെ എന്റെ മകനെ വിളിച്ചു വിവരങ്ങൾ പറഞ്ഞു. മകൻ വീട്ടിൽ വന്നു നോട്ടീസ് വായിച്ചു നോക്കിയ ശേഷം അവൻ ഇലക്ട്രിസിറ്റി ഓഫിസിൽ വിളിച്ചു കാര്യങ്ങൾ തിരക്കി. വ്യാഴാഴ്ച മാത്രമേ പുത്തൂർ ഇലക്ട്രിസിറ്റി ഓഫിസിൽ ഇത്തരത്തിൽ മരങ്ങൾ നീക്കം ചെയ്യുന്നതിന് ലൈൻ ഓഫ് ചെയ്യുകയും മറ്റും ഉള്ളു എന്നും മുറിയ്ക്കുന്ന ദിവസം രാവിലെ ഒന്ന് കൂടെ ഓഫിസിൽ വിളിച്ചു പറയണമെന്നും പറഞ്ഞിരുന്നു. എന്റെ മകൻ 14.09.2025 തീയതി 9446009161 എന്ന ഒഫിഷ്യൽ നമ്പറിൽ 10:59 am നും 1:07 am നും വിളിച്ചു കൺസ്യൂമർ നമ്പർ ഉൾപ്പെടെ വിവരങ്ങൾ പറഞ്ഞു രേഖപ്പെടുത്തി. 18.09.2025 (വ്യാഴാഴ്ച) തീയതി മരം മുറിക്കുന്നത്തിനായി പറയുകയും ഓഫിസിൽ നിന്നും പറഞ്ഞതനുസരിച്ചു അന്നേ ദിവസം രാവിലെ 09:00 മണിയ്ക്ക് ആളിനെ ഏർപ്പാട് ചെയ്തോളൂ എന്നറിയിക്കുകയും ചെയ്തു. കൂടാതെ 17.09.2025 08:08PM നും 18.09.2025 08:38AM നും പുത്തൂർ ഇലക്ട്രിസിറ്റി ഓഫിസിന്റെ ലാൻഡ് ഫോൺ (2415557) നമ്പറിലും വിളിച്ചു ഓർമ്മപ്പെടുത്തി. അത് കൂടാതെ പുത്തൂർ ഇലക്ട്രിസിറ്റി ഓഫിസ് അസിസ്റ്റന്റ് എൻജിനീയറുടെ ഒഫിഷ്യൽ നമ്പറായ 9446009160 എന്ന നമ്പറിന്റെ

**WHATSAPP** ലും നോട്ടീസ് ഉൾപ്പെടെ വോയിസ് മെസ്സേജ് മുഖേനയും കാര്യങ്ങൾ അറിയിച്ചിരുന്നു. ഇത് സംബന്ധിച്ചുള്ള എല്ലാ ഫോൺ കാൾ റെക്കോർഡുകളും എന്റെ കൈവശം ഉണ്ട്. **18.09.2025** (വ്യാഴാഴ്ച) തീയതി മരം മുറിക്കുന്നത്തിനായി ഓഫിസിൽ നിന്നും പറഞ്ഞതനുസരിച്ചു രാവിലെ **08:30** മണിയ്ക്ക് അവർ എത്തിച്ചേർന്നു. ഇവർ എത്തിയ ശേഷവും പല തവണ മാറി മാറി ഓഫീസ് നമ്പറിൽ വിളിച്ചപ്പോൾ ഇവിടെ മീറ്റിംഗ് നടക്കുകയാണെന്നും മീറ്റിംഗ് കഴിഞ്ഞു എത്തി ചേരും എന്നും അറിയിച്ചു. അന്നേ ദിവസം രാവിലെ **09.19AM** നു വീണ്ടും പുത്തൂർ ഇലക്ട്രിസിറ്റി ഓഫിസ് അസിസ്റ്റന്റ് എൻജിനീയറുടെ ഒഫിഷ്യൽ ഫോണിൽ വിളിച്ചു ആൾ എത്തിയില്ല എന്ന് പറഞ്ഞപ്പോൾ ആൾ എത്തിക്കോളും എന്ന് പറയുകയും ഒരു മണിക്കൂർ കഴിഞ്ഞിട്ടും എത്താത്തതിനാൽ കൊട്ടാരക്കര എക്സിക്യൂട്ടീവ് എൻജിനീയറെ വിളിച്ചു കാര്യങ്ങൾ പല തവണ പറഞ്ഞിട്ടും മരം മുറിക്കാനുള്ള ജോലിക്കാർ **11.00** മണിവരെ ഉണ്ടായിട്ടും ഓഫിസിൽ നിന്നും ഒരാൾ പോലും വരികയോ വേണ്ട കാര്യങ്ങൾ ചെയ്തു തരികയോ ചെയ്തിട്ടില്ലാത്തതാണ്. ജോലിക്കാർ ബഹളമുണ്ടാക്കിയതിനാൽ അവരുടെ അഞ്ചു പേരുടെ അന്നേദിവസത്തെ കൂലിയായ **8500/-** രൂപ കൊടുത്തു മടക്കി അയയ്ക്കേണ്ടി വന്നു. കൂടാതെ എന്റെ മകന് യഥാസമയം ജോലിയ്ക്കായി ഓഫീസിൽ പോകുന്നതിനും എനിയ്ക്കു മാനസിക വിഷമവും സാമ്പത്തിക ബാധ്യതയും ഉണ്ടാക്കുന്നതിനും പുത്തൂർ ഇലക്ട്രിസിറ്റി ഓഫിസിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായ ഈ ഹീനമായ നടപടി മൂലം ഉണ്ടായിട്ടുള്ളതാണ്. ആയതിനാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും എനിയ്ക്കുണ്ടായ കഷ്ടനഷ്ടങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി തരുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു എന്ന് കാണിച്ചു ഞാൻ **19.09.2025** തീയതി കൊട്ടാരക്കര **CGRF** മുൻപാകെ ഒരു പരാതി കൊടുത്തിരുന്നു. **OP/41/2025-26** ആയി പരാതി രജിസ്റ്റർ ചെയ്തിരുന്നു. അതിൻ പ്രകാരം എന്നെ **27.11.2025** തീയതിയിൽ ഹിയറിങ്ങിനായി വിളിച്ചിപ്പിച്ചിരിന്നു. എനിയ്ക്ക് ശാരീരിക ബുന്ധിമുട്ടുണ്ടായതിനാൽ എന്റെ മകനാണ് അറ്റൻഡ് ചെയ്തത്.

കമ്മീഷൻ എല്ലാ കാര്യങ്ങളും വ്യക്തമായി കേട്ടിട്ടുള്ളതും ആയത് സംബന്ധിച്ചുള്ള റിപ്പോർട്ട് തീയതി **31.12.2025** കാണിച്ചിട്ടുള്ളതും എന്നാൽ **09.01.2026** പോസ്റ്റ് വഴി ലഭിച്ചിട്ടുള്ളതുമാണ്. ആയതിൻറെ ഓർഡർ കോപ്പി ഇതോടൊപ്പം ഹാജരാക്കുന്നു. എന്റെ പ്രശ്നത്തിന് ശാശ്വതമായ ഒരു പരിഹാരം കണ്ടെത്തുന്നതിനു പൂർണമായും സാധിച്ചിട്ടില്ലാത്തതുമാണ്. അതിനാലാണ് ഞാൻ പ്രശ്നപരിഹാരത്തിനായി ബഹു.ഓമ്ബുട്സ്മാൻ മുഖാന്തിരം അപ്പീൽ

നൽകേണ്ടിവന്നത്. കമ്മീഷൻ മുൻപാകെ തെറ്റിധരിപ്പിയ്ക്കുന്ന രീതിയിലാണ് ബോഡിന്റെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടായത്. എന്നാൽ കമ്മീഷന് കാര്യങ്ങൾ വ്യക്തമായി മനസിലായതായി, കമ്മീഷൻ റിപ്പോർട്ട് നോക്കിയാൽ ഇക്കാര്യങ്ങൾ വ്യക്തമായി അങ്ങയ്ക്ക് ബോധ്യപ്പെടുന്നതാണ്.

വളരെ അപകടകാരമായ രീതിയിൽ നിൽക്കുന്ന വൃക്ഷം ആണെന്ന് ബോഡിനു ബോധ്യപ്പെട്ടത് സംബന്ധിച്ച് എനിയ്ക്ക് **27.08.2025** തീയതി നോട്ടീസ് തന്നിരുന്നതും നാളിതുവരെയും യാതൊരുവിധ നടപടികളും സ്വീകരിച്ചിട്ടില്ലാത്തതും ഇത് ബോഡിന്റെ നിരുത്തരവാദപരമമായ നിലപാട് ആണെന്നാണ് ഇതുമൂലം ഞാൻ മനസിലാക്കാവുന്നതുമാണ്. കൂടാതെ വളരെ അപകടകരമായ രീതിയിൽ ബോഡ് കാണപ്പെട്ട ഈ വൃക്ഷം **5** മാസം കഴിഞ്ഞിട്ടും അതേ രീതിയിൽ തന്നെ നിലനിൽക്കുകയാണ്. ഇതുംമൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കു ബോഡ് മാത്രമാണ് ഉത്തരവാദിയെന്നും ഞാൻ മനസിലാകുന്നു. ആയതിനാൽ അവിടുന്നു നേരിട്ടോ അല്ലാതെയോ സൈറ്റ് സന്ദർശിക്കുന്നതിനും ഇതിന്റെ സത്വര നടപടികൾ സ്വീകരിക്കുന്നതിനും എനിക്കുണ്ടായ കഷ്ടനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം **(18.09.2025 5(അഞ്ചു)** മരം മുറിപ്പ് ജോലിക്കാർക്ക് കൂലി ഇനത്തിൽ നൽകിയ **8500/-** രൂപ കൂടാതെ ഇതിനു പിറകെ ഓരോ ഓഫീസുകൾ കയറി ഇറങ്ങിയ ചിലവുകൾ (വാഹന ചിലവുകൾ ഉൾപ്പെടെ)) ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഈടാക്കി തരുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

## എതിർകക്ഷിയുടെ വാദം

The Petitioner is a domestic consumer under Electrical Section, Puthoor, bearing Consumer No. 114895003338. The service connection stands in the name of "Mathunni J" as per the records of the Electrical Section, Puthoor. An LT Overhead (OH) line is drawn along the public road adjacent to the Petitioner's property. A jackfruit tree situated within the Petitioner's compound had dangerously tilted and was leaning towards the said LT OH line, thereby creating a potentially hazardous situation and posing a threat to the safety of the electrical line as well as to the general public. KSEBL had issued notice in respect of the particular tree which was found to be dangerously tilted and standing very close to the electric line. Considering the imminent danger, the cutting of the said tree was carried out by KSEBL at its own cost on 29.01.2026, without dismantling the electric line, in order to safeguard the line and prevent possible accidents.

Shutdowns in connection with tree-cutting works under Electrical Section, Puthoor are generally scheduled on Thursdays, as displayed on the Section Office notice board. On 18.09.2025 (Thursday), the Petitioner's representative,

namely her son (who is serving as a Policeman), contacted the Assistant Engineer of the Electrical Section, Puthoor over telephone and informed that tree-cutting work had been arranged in the Petitioner's property. He requested not only for switching off the line but also for dismantling of the OH line in connection with the tree-cutting work. The Assistant Engineer informed the Petitioner that switching off the power supply could be arranged as per the usual procedure However, dismantling and subsequent re-connection of the OH line would involve remittance of the prescribed charges in accordance with the applicable rules and regulations of KSEBL. It was further intimated that the requisite charges were to be remitted at the Section Office prior to the execution of the dismantling and reconnection work The Petitioner, however, refused to remit the prescribed fee, contending that such charges had not been communicated earlier.

As the required charges were not remitted, dismantling and reconnection work could not be executed. It is respectfully submitted that switching off power supply (shutdown) and dismantling of the line are two distinct actions. While shutdown may be scheduled, dismantling involves labour, handling of conductors, reconnection work and materials, which necessarily require remittance of applicable charges. If temporary dismantling of the line had been required for facilitating any private work, it was the responsibility of the Petitioner to inform KSEBL in advance, in consultation with the labourers arranged by them. Dismantling of the line would have necessitated engagement of additional labour and would have resulted in further interruption to the general public.

It is respectfully submitted that no request of the Petitioner was denied. Shutdown of the line could have been provided as per procedure. However, dismantling and re-connection of the OH line required remittance of the prescribed charges in accordance with the applicable rules of KSEBL. As the Petitioner failed to remit the required charges, the dismantling and re-connection work could not be executed.

It is further submitted that on 18.09.2025, two official meetings were conducted at the Electrical Section Office, Puthoor, namely the "Sunrise Meeting" followed by the "Revenue Meeting", which continued till 10:30 A.M. It is further submitted that the Petitioner's son, who had communicated with KSEBL officials and also participated in the hearing proceedings, is a police officer and is therefore well acquainted with official procedures and statutory processes. Despite such awareness, the present complaint appears to have been preferred on an incorrect understanding of the factual and procedural aspects of the matter, particularly with respect to the requirement of remittance of prescribed charges for dismantling and reconnection of the OH line. It is also pertinent to submit that the Petitioner is now claiming reimbursement of expenses allegedly incurred for cutting the tree, even though no cost was incurred by him in respect of the cutting of the dangerous tree for which KSEBL had issued notice. The said tree was removed by KSEBL

in the interest of public safety and protection of the electric line. Hence, the demand for such costs is wholly untenable. There has been no financial loss or damage caused to the Petitioner on account of the actions of KSEBL.

The CGRF has already held that it has no jurisdiction to award compensation. Without prejudice to the above, the Respondent respectfully submits that there is no financial loss attributable to any wrongful act or omission on the part of KSEBL. The dismantling and reconnection work was not executed at the relevant time solely due to the Petitioner's refusal to remit the prescribed charges as required under the applicable rules. Subsequently, the dangerously tilted tree, for which notice had been issued, was removed by KSEBL at its own cost in the interest of public safety and protection of the electric line. No expense in this regard was imposed upon or incurred by the Petitioner. Therefore, the claim for compensation is wholly untenable, devoid of merit, and liable to be rejected.

The Respondent acted strictly in accordance with KSEBL rules and safety procedures. There was no negligence or mala fide intention. No loss has been caused to the Petitioner. It is therefore respectfully prayed that the Hon'ble Electricity Ombudsman may be pleased to Dismiss the complaint/appeal filed by Smt. Leelamma Mathunni.

## പരാതിക്കാരിയുടെ എതിർവാദം

മേൽ സൂചന പ്രകാരം എനിയ്ക്ക് **25.02.2026** തീയതി സംസ്ഥാന ഇലക്ട്രിസിറ്റി ഓംബുഡ്സ്മാനിൽ നിന്നും അയച്ചുകിട്ടിയ റിപ്പോർട്ടു പരിശോധിച്ചതിൽ എനിയ്ക്ക് മനസിലാക്കുവാൻ സാധിക്കുന്നത് ഇത് അങ്ങയെ മനപൂർവ്വം തെറ്റിദ്ധരിപ്പിക്കാൻ വേണ്ടി തികച്ചും വാസ്തവ വിരുദ്ധമായ ശ്യങ്ങളാണ് റിപ്പോർട്ടിൽ ബോധിപ്പിച്ചിരിക്കുന്നത്.

**27.11.2025** തീയതി **CGRF** ൽ ഹിയറിങിന് പോയ സമയത്ത് എന്റെ ആക്ഷേപങ്ങൾക്ക് ഒരു മറുപടി പറയുവാൻ പോലും അന്നേ ദിവസം ഇലക്ട്രിസിറ്റി ബോഡിൽ നിന്നും ഹാജരായിരുന്ന ബോഡിന്റെ പ്രതിനിധികൂടിയായിരുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനിയർക്കു**(AEE)** സാധിച്ചിട്ടില്ലാത്തതാണ്. അത് അങ്ങേയ്ക്കു **CGRF** ന്റെ റിപ്പോർട്ട് **(OP NO 41/2025-26)** പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്. എന്റെ പരാതിയിൽ എവിടേയും അഞ്ചു മരങ്ങൾ മുറിയ്ക്കുന്നതു സംബന്ധിച്ച് രേഖപ്പെടുത്തിയിട്ടില്ല. മരം മുറിയ്ക്കുന്നതിന് എനിയ്ക്ക് അനുവദിച്ചിരുന്ന **18.09.2025**(വ്യാഴാഴ്ച) പുത്തൂർ ഇലക്ട്രിസിറ്റി ഓഫിസിൽ നിന്നും ഒരു ഉദ്യോഗസ്ഥൻ പോലും പ്രസ്തുത സ്ഥലം സന്ദർശിയ്ക്കുകയോ ഒരു നിർദ്ദേശം തരികയോ യാതൊരുവിധ സഹായമോ ലഭ്യമാക്കുകയോ ചെയ്തിട്ടില്ലാത്തതാണ്. **27.08.2025** തീയതിയിലെ നോട്ടിസിൽ

മരം മുറിയ്ക്കുന്നതിനെ സംബന്ധിച്ച് സ്ഥലം സന്ദർശിച്ചിരുന്ന ഉദ്യോഗസ്ഥൻ ഓഫീസിൽ ഏതെങ്കിലും വിധത്തിലുള്ള കാര്യങ്ങൾ ചെയ്യണമെന്ന് ഒരു നിർദ്ദേശവും നല്കിയിട്ടില്ല. ഒരു കൺസ്യൂമർ എന്ന നിലയിൽ ഇലക്ട്രിസിറ്റി ബോഡിന്റെ സാങ്കേതിക വശങ്ങളെ കുറിച്ച് എനിയ്ക്ക് ബോദ്ധ്യമില്ലാത്തതിനാൽ നോട്ടിസിൽ പറഞ്ഞ പ്രകാരമാണ് ഞാൻ പ്രവർത്തിച്ചിട്ടുള്ളത്. നോട്ടീസിൽ അറിയിച്ചപ്രകാരം ഓഫീസ് ഫോൺ നമ്പരിൽ ബന്ധപ്പെട്ടപ്പോൾ പുത്തൂർ ഇലക്ട്രിസിറ്റി ഓഫീസിൽ ഒരു പ്രത്യേക ദിവസം (ആഴ്ചയിൽ ഒരു ദിവസം(വ്യാഴാഴ്ച)) മാത്രമേ ഇത്തരത്തിലുള്ള പ്രവൃത്തികൾ ചെയ്യുകയുള്ളൂ എന്നും ആയതിനാൽ **18.09.2025** തീയതി താങ്കളുടെ പ്രവൃത്തി ചെയ്യുന്നതിന് ജീവനക്കാരെ അയയ്ക്കാമെന്നുമാണ് ബോഡിൽ നിന്നും എന്നെ അറിയിച്ചിരുന്നത്.

പുത്തൂർ ഇലക്ട്രിസിറ്റി ബോഡിലെ അസിസ്റ്റന്റ് എൻജിനിയറുടെ നിർദ്ദേശപ്രകാരമാണു ഞാൻ അതി വിദഗ്ധരായ മരം മുറിപ്പ് തൊഴിലാളികളെ തേടിപ്പിടിച്ചു അന്നേദിവസം രാവിലെ പ്രസ്തുത പ്രവൃത്തികൾ ചെയ്യിപ്പിക്കുന്നതിനുവേണ്ടി (വാഹനം, പെട്രോൾ, വടം, കട്ടർ) എന്നിവ സഹിതം ആളുകൾ എത്തിയത്. **14.09.2025** തീയതി മുതൽ നിരവധി തവണ പുത്തൂർ ഇലക്ട്രിസിറ്റി ഓഫീസിൽ ലാൻഡ് ഫോണിലും മൊബൈൽ ഫോണിലും ഇക്കാര്യം വിളിച്ചു ഓർമ്മിപ്പിച്ചിരുന്നു. കൂടാതെ **14.09.2025** തീയതി എനിയ്ക്ക് ലഭിച്ച നോട്ടീസും ഇത് സംബന്ധിച്ചുള്ള എന്റെ വോയ്സ് റെക്കോർഡ് കൂടി അസിസ്റ്റന്റ് എൻജിനിയറുടെ ഒഫീഷ്യൽ ഫോൺ നമ്പരിലുള്ള വാട്സ് അപ്പ് മുഖേനയും അയച്ചു നൽകിയിരുന്നതും കൂടാതെ **18.09.2025** തീയതി നിരവധി തവണ പുത്തൂർ ഇലക്ട്രിസിറ്റി ഓഫീസിലെ ലാൻഡ് ഫോണിലും മൊബൈൽ ഫോണിലും **EXECUTIVE ENGINEER, AE** എന്നിവരുടെ ഫോണിലും മാറി മാറി വിളിച്ചിട്ടും യാതൊരുവിധ നടപടിയും **11.00** മണിവരെ സ്വീകരിച്ചിട്ടില്ലാത്തതുമാണ്. ഇത് സംബന്ധിച്ചുള്ള എല്ലാ ഫോൺ കാൾ റെക്കോർഡുകളും എന്റെ കൈവശം ഉണ്ട്.

വിളിയ്ക്കുന്ന സമയമെല്ലാം ഓഫീസ് ഫോണിൽ നിന്നും ഇവിടെ മീറ്റിംഗ് നടക്കുകയാണെന്നും അറിയിച്ചിട്ടുള്ളതും പൂത്തൂർ ഇലക്ട്രിസിറ്റി ഓഫീസിൽ ഒരു പ്രത്യേക ദിവസം (ആഴ്ചയിൽ ഒരു ദിവസം(വ്യാഴാഴ്ച്)) മാത്രമേ ഇത്തരത്തിലുള്ള പ്രവൃത്തികൾ ചെയ്യുകയുള്ളൂ എന്ന് എന്നറിയിച്ചിട്ടും അവർ പറഞ്ഞതനുസരിച്ച് മുൻകൂട്ടി നിശ്ചയിച്ച ഒരു ജോലി യഥാസമയം നടത്തുവാൻ കഴിയില്ലായെങ്കിൽ ആ വിവരം ഒരു കൺസ്യൂമരെ അറിയിക്കേണ്ട സാമാന്യ മര്യാദ പോലും കാണിച്ചിട്ടില്ലാത്തതുമാണ്. മുൻകൂട്ടി

നിശ്ചയിച്ച അടിയന്തിര പ്രാധാന്യമുള്ള ജോലികൾ ചെയ്യേണ്ട സമയത്ത് ഓഫീസിലെ എല്ലാ ജീവനക്കാരും മീറ്റിങ്ങിൽ പങ്കെടുക്കുകയാണെന്ന് പറയുന്നത് തികച്ചും യുക്തിയ്ക്ക് നിരക്കാത്ത പ്രസ്താവനയാണ്. **CGRF**-ൽ പരാതി നൽകി ഒരു മാസം കഴിഞ്ഞതിനുശേഷമാണ് പുത്തൂർ ഇലക്ട്രിസിറ്റി ഓഫീസിലെ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിക്കുന്നതിനുപോലും എത്തിയിട്ടുള്ളത്. വളരെ അപകടകാരമായ രീതിയിൽ നിൽക്കുന്ന വൃക്ഷം ആണെന്ന് ബോഡിനു ബോധ്യപ്പെട്ടത് സംബന്ധിച്ച് എനിയ്ക്ക് **27.08.2025** തീയതി നോട്ടീസ് തന്നിരുന്നതും ആയത് ബഹു. ഇലക്ട്രിസിറ്റി ഒമ്ബുടസ്മാൻ മുൻപാകെ പരാതി നൽകിയതറിഞ്ഞതിനുശേഷമാണ് **CGRF** ഉത്തരവ് നടപ്പിലാക്കുവാൻ **(29.01.2026)** തീയതി എത്തിയിട്ടുള്ളതും എന്നിട്ടും ആ പ്രവൃത്തി, അവർ ആവശ്യപ്പെട്ട പ്രകാരം പൂർത്തീകരിച്ചിട്ടില്ലാത്തതുമാണ്. അവർ മുറിയ്ക്കണമെന്നു പറഞ്ഞ മരത്തിന്റെ രണ്ടാമത്തെ ശിഖരം ഇനിയും മുറിച്ചുമാറ്റിയിട്ടില്ല.

നോട്ടീസ് എനിയ്ക്ക് നൽകിയ സമയം ഉണ്ടായിരുന്ന **AE** സ്ഥലംമാറി പോയതിനു ശേഷമാണ് ഈ പ്രവൃത്തി ചെയ്തിട്ടുള്ളത്. ഇപ്പോൾ പത്തനാപുരം **110 KV SUB STATION AE** ആയി ജോലി നോക്കുന ശ്രീ.അനൂപ് കുമാർ കെ.ടി സമർപ്പിച്ചിരിയ്ക്കുന്ന വിശദീകരണ റിപ്പോർട്ടിൽ യഥാർഥമായ സംഭവം സംബന്ധിച്ച് ഒരു വാചകം പോലും രേഖപ്പെടുത്തിയിരിക്കുന്നതായി എനിയ്ക്ക് കാണാൻ കഴിയുന്നില്ല. **CGRF** ലെ വാദമുഖങ്ങളിൽ അന്ന് ഹാജരുണ്ടായിരുന്ന **AEE** യും മറ്റു ജീവനക്കാരും, കമ്മീഷൻ മുൻപാകെ വാദിയായ ഞാൻ ഉന്നയിച്ച ആരോപണങ്ങൾ എല്ലാം ശരിയാണെന്ന് കണ്ടെത്തിയിട്ടുള്ളതും, പുത്തൂർ ഇലക്ട്രിസിറ്റി ഓഫീസിലെ ഉദ്യോഗസ്ഥർക്ക് ഗുരുതരമായ വീഴ്ച പറ്റിയിട്ടുണ്ട് എന്ന് നേരിട്ട് സമ്മതിച്ചിട്ടുള്ളതും കമ്മീഷന് അത് നേരിട്ട് ബോധ്യപ്പെട്ടിട്ടുള്ളതുമാണ്. അതിൻപ്രകാരം കമ്മീഷൻ അവരെ ശക്തമായ ഭാഷയിൽ താക്കീത് ചെയ്യുകയുമുണ്ടായി. **LINE OFF** ചെയ്തു തരാമെന്നു പറഞ്ഞ ദിവസം പുത്തൂർ ഇലക്ട്രിസിറ്റി ഓഫീസിൽ നിന്ന് അന്നേ ദിവസമോ**(18.09.2025)**, ഒരു മാസം കഴിഞ്ഞോ ഒരു ഉദ്യോഗസ്ഥൻ പോലും പ്രസ്തുത സ്ഥലത്ത് വരാതിരിക്കെ ടി ഓഫീസിലെ **AE** അങ്ങയെ മനപൂർവ്വം തെറ്റിദ്ധരിപ്പിക്കുന്നത്തിനുവേണ്ടി ലൈൻമാൻമാരെ അയച്ചിരിന്നുവെന്നും അവരോടു ഉടമയുടെ മകൻ ലൈൻ അഴിച്ചുമാറ്റണമെന്ന് ആവശ്യപ്പെട്ടപ്രകാരം അവരെ തിരിച്ചയച്ചതാണെന്നും വ്യാജമായി റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.

പല തവണ പറഞ്ഞിട്ടും മരം മുറിക്കാനുള്ള ജോലിക്കാർ **11.00** മണിവരെ ഉണ്ടായിട്ടും ഓഫിസിൽ നിന്നും ഒരാൾ പോലും സ്ഥലത്ത് വരികയോ വേണ്ട

ക്രമീകരണങ്ങൾ ചെയ്തു തരികയോ ചെയ്തിട്ടില്ലാത്തതാണ്. എക്സിക്യൂട്ടീവ് എൻജിനീയറെ വിളിച്ചു കാര്യങ്ങൾ പറഞ്ഞപ്പോൾ ഞാൻ അസിസ്റ്റന്റ് എൻജിനീയറോടും അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയറോടും വിവരങ്ങൾ എല്ലാം പറഞ്ഞിട്ടുണ്ട് അവർ വേണ്ട കാര്യങ്ങൾ ചെയ്തു കൊള്ളും ഇപ്പോഴും ഇങ്ങനെ വിളിക്കണ്ട കാര്യമില്ല എന്ന് അറിയിച്ചിട്ടുള്ളതുമാണ്. കൂടാതെ സ്ഥലത്തെ കാര്യങ്ങൾ പോലും മനസിലാക്കാതെ അപക്വമായ രീതിയിലാണ് പെരുമാറിയിട്ടുള്ളത്. ജോലിക്കാർ ബഹളമുണ്ടാക്കിയതിനാൽ അവരുടെ അഞ്ചു പേരുടെ അന്നേദിവസത്തെ കൂലിയായ **8500/-** രൂപ കൊടുത്തു മടക്കി അയക്കേണ്ടി വന്നു. കൂടാതെ എന്റെ മകന് യഥാസമയം ജോലിയ്ക്കായി ഓഫീസിൽ പോകുന്നതിനും എനിയ്ക്കു മാനസിക വിഷമവും സാമ്പത്തിക ബാധ്യതയും ഉണ്ടാക്കുന്നതിനും പൂത്തൂർ ഇലക്ട്രിസിറ്റി ഓഫിസിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായ ഈ ഹീനമായ നടപടി മൂലം ഉണ്ടായിട്ടുള്ളതാണ് എന്നതാണ് പരമാർത്ഥം.

ആയതിനാൽ എനിക്കുണ്ടായ കഷ്ടനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം (**18.09.2025** തീയതി മരം മുറിപ്പ് ജോലിക്കാർക്ക് (**5** പേർക്ക്) അന്നേ ദിവസം വേതന നഷ്ടം ഇനത്തിൽ നൽകിയ **8500/-** രൂപ കൂടാതെ ഇതിനു പിറകെ ഓരോ ഓഫീസുകൾ കയറി ഇറങ്ങിയ ചിലവുകൾ (വാഹന ചിലവുകൾ ഉൾപ്പെടെ)) ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഈടാക്കി തരുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അങ്ങയോട് അപേക്ഷിക്കുന്നു.

## വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം **01/04/2026** ന് ഉച്ചയ്ക്ക് ശേഷം **03.30**-ന് കെ.എസ്.ഇ.ബി, ഐബി പരുത്തിപ്പാറയിൽ വെച്ച് നടന്നു. പരാതിക്കാരിയെ പ്രതിനിധീകരിച്ച് ശ്രീ.സഞ്ജീവ് മാത്യൂ എതിർകക്ഷി ശ്രീ.സുമിത ഉണ്ണി,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കൊട്ടാരക്കര, കൊല്ലം ജില്ല എന്നിവരാണ് ഹിയറിംഗിൽ പങ്കെടുത്തത്.

പരാതിക്കാരിയായ ശ്രീമതി.ലീലാമ്മ മാത്തുണ്ണിയുടെ ഭർത്താവായ മാത്തുണ്ണിയുടെ പേരിലുള്ള ഗാർഹിക കണക്ഷനാണ് **Consumer no.114895003338** ആയ **LT** കണക്ഷൻ. ഭർത്താവ് മരണപ്പെട്ടതിനാൽ ഭാര്യ അനന്തരാവകാശി എന്ന നിലയിലാണ് പരാതി സമർപ്പിച്ചിട്ടുള്ളത്. പരാതിക്കാരിയുടെ വീടിനു മുൻപിലുള്ള പൊതുനിരത്തിലൂടെ ഒരു **LT** ലൈൻ പൊതു ആവശ്യത്തിനായി വലിച്ചിരിക്കുന്നു. പുരയിടത്തിൽ നില്ക്കുന്ന ഒരു പ്ലാവ് വളർന്ന് അപകടകരമായ രീതിയിൽ ലൈനിലേയ്ക്ക്

ചാഞ്ഞുനിൽക്കുകയായിരുന്നു. ലൈസൻസിയുടെ ഉദ്യോഗസ്ഥർ ഇത് കണ്ടെത്തുകയും ആ മരം മുറിച്ചു മാറ്റണമെന്ന് കാണിച്ച് പരാതിക്കാരിയ്ക്ക് **27/08/2025** ൽ കത്തുനല്കുകയും ചെയ്തു. പ്രസ്തുത മരം **26/09/2025** ന് മുൻപ് മുറിച്ചു മാറ്റണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. മരം കാറ്റിൽ ഉലഞ്ഞ് ലൈനിൽ തട്ടിയതിന്റെ പാട് മരത്തിലുണ്ടായിരുന്നു എന്നാണ് എതിർകക്ഷി അറിയിച്ചത്.

പരാതിക്കാരി **KSEBL** ന്റെ പുത്തൂർ സെക്ഷനിൽ **14/09/2025** ൽ ബന്ധപ്പെടുകയും വ്യാഴാഴ്ച ദിവസങ്ങളിലാണ് ഇത്തരം പണിക്കുവേണ്ടി ലൈനും മറ്റും ഓഫാക്കുന്നത് അതിനാൽ **18/09/2025** ൽ മരം മുറിച്ചു മാറ്റാനുള്ള സൌകര്യമൊരുക്കാമെന്ന് സെക്ഷൻ ഉദ്യോഗസ്ഥർ അറിയിച്ചതനുസരിച്ച് **18/09/2025** ൽ അതിനുവേണ്ടിയുള്ള ഏർപ്പാടുകൾ ചെയ്തു. **18/09/2025** ന് രാവിലെ മരം മുറിക്കുന്നതിനുവേണ്ടി **5** പണിക്കാർ വാഹനവുമായി സ്ഥലത്തെത്തിയെങ്കിലും ലൈൻ ഓഫാക്കാനുള്ള ലൈസൻസിയുടെ ഉദ്യോഗസ്ഥർ എത്തിയില്ല. **AE** യെ ബന്ധപ്പെട്ടപ്പോൾ സെക്ഷനിൽ മീറ്റിംഗ് നടക്കുകയാണ് എന്ന മറുപടിയാണ് നൽകിയത്. അനന്തരം പരാതിക്കാരി **AEE** യെയും **EE** യെയും ബന്ധപ്പെട്ടെങ്കിലും ലൈസൻസിയുടെ ഉദ്യോഗസ്ഥർ സ്ഥലത്തെത്തിയില്ല. രാവിലെയുള്ള **sunrise** മീറ്റിംഗും അതിനു ശേഷം **Division** ൽ നടന്ന മീറ്റിംഗിന്റെ വിവരണവും നടന്നതിനാലാണ് താമസം നേരിട്ടത് എന്നാണ് എതിർകക്ഷി അറിയിച്ചത്. മീറ്റിംഗിനു ശേഷം ലൈസൻസിയുടെ ജീവനക്കാർ അവിടെ എത്തിയിരുന്നു എന്നും ലൈൻ അഴിച്ചു മാറ്റാൻ ആവശ്യപ്പെട്ടതിനാൽ അതിന്റെ ചെലവിനുള്ള തുക അടയ്ക്കാത്തതിനാൽ അവർ മടങ്ങിപ്പോന്നെന്നും എതിർകക്ഷി അറിയിച്ചെങ്കിലും അത് വിശ്വാസയോഗ്യമായി തോന്നുന്നില്ല. ലൈൻ പരിശോധിച്ച ഉദ്യോഗസ്ഥരാണല്ലോ അഴിച്ചു മാറ്റേണ്ടതുണ്ടോ എന്ന് തീരുമാനിക്കുന്നത്. അങ്ങനെയാണെങ്കിൽ സെക്ഷൻ ഓഫീസിൽ നിന്ന് കക്ഷിയെ മുൻകൂട്ടി അറിയിക്കാതിരുന്നത് ഒരു വീഴ്ചയായി കാണേണ്ടിയിരിക്കുന്നു.

ചെയ്തുതീർക്കേണ്ട പണികളുടെ ഏകോപനത്തിനും സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനും മുൻ നിശ്ചയിച്ചവ നടപ്പിലാക്കുന്നതിനുമൊക്കെ വേണ്ടിയാണല്ലോ എല്ലാ ദിവസവും മീറ്റിംഗ് നടത്തുന്നത്? മീറ്റിംഗുകൾ പണികൾ വേഗം നടപ്പിലാക്കുന്നതിനാണോ അതോ മുൻനിശ്ചയിച്ച പണികൾ മുടക്കുന്നതിനാണോ? പണികളെല്ലാം നിർത്തിവച്ചാണോ മീറ്റിംഗ് കൂടേണ്ടത് ? ഇതിനൊന്നും എതിർകക്ഷിയ്ക്ക് ശരിയായ മറുപടി നൽകാൻ കഴിഞ്ഞിട്ടില്ല. അപകടകരമായ രീതിയിൽ ലൈനിൽ തൊട്ടുനില്ക്കുന്ന മരം മുറിച്ചു മാറ്റേണ്ടത് എത്രയും പെട്ടെന്ന് ചെയ്യേണ്ട പ്രവൃത്തിയല്ലേ? ലൈനിന്റെ സുരക്ഷ

ഉറപ്പുവരുത്തേണ്ടത് ലൈസൻസിയുടെ ഉത്തരവാദിത്വമാണ്. അതിനുവേണ്ടിയാണ് **line patrolling** എന്ന ഉത്തരവാദിത്വം ലൈസൻസിയിൽ നിക്ഷിപ്തമായിരിക്കുന്നത്. **Line patrolling** ൽ അപകടകരമായ അവസ്ഥകൾ നേരിട്ടു ബോധ്യപ്പെട്ടാൽ അത് നീക്കാനുള്ള ഉത്തരവാദിത്വവും ലൈസൻസിയ്ക്കുണ്ട്. ഇവിടെ ഇത്തരം ഒരു അപകടാവസ്ഥ നേരിട്ട് ബോധ്യപ്പെട്ടിട്ടും അത് നീക്കം ചെയ്യാൻ ഉപഭോക്താവ് തയ്യാറായിട്ടും അതിനുവേണ്ട കാര്യങ്ങൾ നടത്തിക്കൊടുക്കാൻ സെക്ഷനിലെ ഉദ്യോഗസ്ഥർ തയ്യാറായില്ല എന്നത് അവരുടെ ഭാഗത്ത് നിന്നുള്ള വലിയ ഒരു വീഴ്ചയായി കണക്കാക്കേണ്ടതാണ്.

ഇവിടെ വസ്തു ഉടമസ്ഥന് നോട്ടീസ് കൊടുത്തതോടെ ലൈസൻസിയുടെ ഉത്തരവാദിത്വം കഴിഞ്ഞു എന്നുള്ള വളരെ നിരുത്തരവാദിത്വപരമായ സമീപനം കുറ്റകരമായ ഒരനാസ്ഥയായി കാണേണ്ടതാണ്. ലൈസൻസിയുടെ ജീവനക്കാരുടെ ഇത്തരം അലംഭാവങ്ങൾ കാരണം പല അപകടങ്ങളും സംഭവിച്ചതും ഓർമ്മിക്കേണ്ടിയിരിക്കുന്നു. ഇവിടെ മരത്തിൽ ലൈൻ തട്ടി നില്ക്കുന്ന ഈർപ്പമുള്ള സമയത്ത് മരത്തിൽ സ്പർശിക്കുന്ന ഏതൊരാൾക്കും അപകടം സംഭവിക്കാനുള്ള സാധ്യതയുണ്ട്. എന്നിട്ടും അത്തരം അപകടാവസ്ഥ ഒഴിവാക്കേണ്ടത് ഒരാവശ്യ കാര്യമാണെന്ന ബോധം ജീവനക്കാരിൽ ഉണ്ടായില്ല എന്നത് ഒരു ഗുരുതരമായ കുറ്റമായി കണക്കാക്കുന്നു. ഇത്തരം കൃത്യവിലോപങ്ങളിലൂടെ മനുഷ്യ ജീവൻ നഷ്ടപ്പെടേണ്ട അവസ്ഥയുണ്ടായാൽ അത് ഒരിക്കലും നീതികരിക്കാൻ കഴിയുന്നതല്ല.

## തീരുമാനങ്ങൾ

സമർപ്പിച്ച രേഖകൾ പരിശോധിക്കുകയും,പരാതിക്കാരന്റെയും എതിർകക്ഷി യുടെയും വാദം കേൾക്കുകയും ചെയ്ത ശേഷം, മുകളിൽ സൂചിപ്പിച്ച വിശകല നത്തിൽ എത്തുകയും ഇനിപ്പറയുന്ന തീരുമാനം എടുക്കുകയും ചെയ്യുന്നു.

1) പരാതിക്കാരി തനിക്കുണ്ടായ വിഷമതകൾക്ക് നഷ്ടപരിഹാരം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അത് ഓംബുഡ്സ്മാന്റെ അധികാര പരിധിയിൽ വരാത്തതിനാൽ അത് അനുവദിക്കുന്നില്ല.
2) കൃത്യവിലോപം കാണിച്ചിട്ടുള്ള ഉദ്യോഗസ്ഥരെ കണ്ടെത്തി അവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

3) ഇത്തരം സന്ദർഭങ്ങൾ ഇനി ഉണ്ടാകാതിരിക്കാൻ ലൈസൻസി വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. അതിനുവേണ്ട പരിശീലനം ആവശ്യമെങ്കിൽ അതും നൽകേണ്ടതാണ്.
4) മറ്റു ചെലവുകൾ ഒന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

**P/03/2026/** തീയതി : **10-04-2026**

**അയക്കുന്നത്:**

1. ശ്രീമതി. ലീലാമ്മ മാത്തുണ്ണി, കല്ലുവിള പുത്തൻ ബംഗ്ലാവ്, പവിത്രേശ്വരം പി.ഒ, കൊട്ടാരക്കര, കൊല്ലം - 691507(ജില്ല)
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ്, കൊട്ടാരക്കര,കൊല്ലം (ജില്ല).

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10.
2. സെക്രട്ടറി, കെ.എസ്.ഇ.ബി. ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം-4.
3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രിവൻസ് റിഡ്രെസൽ ഫോറം, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, കൊട്ടാരക്കര - 691506